©
**കേരള സർക്കാർ**
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 13**<br>Vol. XIII | **തിരുവനന്തപുരം,**<br>**ശനി**<br>Thiruvananthapuram,<br>Saturday | **2024 ഒക്ടോബർ 19**<br>19th October 2024<br>**1200 തുലാം 3**<br>3rd Thulam 1200<br>**1946 ആശ്വിനം 27**<br>27th Aswina 1946 | **നമ്പർ**<br>No. | **3300** |

### കേരള സർക്കാർ

### **തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്**

### വിജ്ഞാപനം

സ.ഉ.(അച്ചടി) നം.55/2024/എൽ.എസ്.ജി.ഡി. തിരുവനന്തപുരം, 2024 ഒക്ടോബർ 18

**എസ്. ആർ. ഒ. നമ്പർ 945/2024**

2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (2021-ലെ 29) 8-ാം വകുപ്പ്, (1)ഉം (3)ഉം ഉപവകുപ്പുകൾ പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, 2022 ഡിസംബർ 31-ാം തീയതിയിലെ സ.ഉ.(അച്ചടി) നം.84/2022/എൽ.എസ്.ജി.ഡി നമ്പറായി പുറപ്പെടുവിച്ചതും 2023 ജനുവരി 4-ാം തീയതിയിലെ 3-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ നമ്പർ 1/2023 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപന പ്രകാരം രൂപീകരിക്കപ്പെട്ട കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ്, കെ.എസ്.ആർ ഭാഗം II ചട്ടം 111 ഇനം (i) പ്രകാരമുള്ള രണ്ടാം ക്ലാസ് വിഭാഗത്തിൽപ്പെടുന്ന ബോർഡ് ആയിരിക്കുന്നതാണ് എന്ന് വ്യക്തമാക്കിക്കൊണ്ട് മേൽ പറഞ്ഞ വിജ്ഞാപനം താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുന്നു, അതായത്:-

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**ഭേദഗതി**

പ്രസ്തുത വിജ്ഞാപനത്തിന്റെ അവസാന ഖണ്ഡികയിലെ "നിയമിക്കുന്നു." എന്ന വാക്കിനും ചിഹ്നത്തിനും ശേഷം "ഈ വിജ്ഞാപന പ്രകാരം രൂപീകരിക്കപ്പെട്ട കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് കെ.എസ്.ആർ ഭാഗം II ചട്ടം 111 ഇനം (i) പ്രകാരമുള്ള രണ്ടാം ക്ലാസ് വിഭാഗത്തിൽപ്പെടുന്ന ബോർഡ് ആയിരിക്കുന്നതാണ്." എന്ന വാക്കുകളും അക്ഷരങ്ങളും ചിഹ്നങ്ങളും അക്കങ്ങളും ചേർക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
ഡോ. ഷർമിള മേരി ജോസഫ് ഐഎഎസ്,
പ്രിൻസിപ്പൽ സെക്രട്ടറി

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2022 ഡിസംബർ 31-ാം തീയതിയിലെ സ.ഉ.(അച്ചടി)നം.84/2022/എൽ.എസ്.ജി.ഡി നമ്പരായി പുറപ്പെടുവിച്ചതും 2023 ജനുവരി 4-ാം തീയതിയിലെ 3-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ.നം.1/2023 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപന പ്രകാരം രൂപീകരിക്കപ്പെട്ട കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ്, കെ.എസ്.ആർ പാർട്ട് II ചട്ടം 111 ഇനം (i) പ്രകാരമുള്ള രണ്ടാം ക്ലാസ് വിഭാഗത്തിൽപ്പെടുന്ന ബോർഡ് ആണെന്ന് വ്യക്തമാക്കിക്കൊണ്ട് മേൽപ്പറഞ്ഞ വിജ്ഞാപനം ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ചു.

മേൽ പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2024.10.19 02:41:35 +05:30